LIBRARY ARCHIVES Kerala Legislative Assembly

കൊയിലാണ്ടി മണ്ഡലത്തിലെ പദ്ധതികൾ

132 (4123) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എം.എൽ.എ. മാരുടെ പ്രാദേശിക വികസന ഫണ്ട് ഉപയോഗിച്ച് കൊയിലാണ്ടി മണ്ഡലത്തിൽ 2011-2012 വർഷത്തിൽ നടപ്പാക്കുന്ന പദ്ധതികളിൽ ഇതുവരെയും ആരംഭിക്കാത്ത പദ്ധതികൾ ഏതെല്ലാം എന്നും ; പ്രസ്തുത പ്രവൃത്തികൾ ഏത് ബ്ലോക്ക്/പഞ്ചായത്തുകൾക്ക് കീഴിലാണ് വരുന്നത് എന്നും വിശദമാക്കുമോ;

(ബി) 2012-2013 വർഷത്തെ പദ്ധതികളിൽ ഇതുവരെയും ആരംഭിക്കാത്ത പ്രവൃത്തികൾ ഏതെല്ലാം; അവ ഏത് പഞ്ചായത്തുകളിൽ വരുന്നു; വിശദമാക്കുമോ;

(സി) 2013-2014 വർഷത്തെ പദ്ധതികളിൽ ഇതുവരെയും ആരംഭിക്കാത്ത പദ്ധതികൾ ഏതെല്ലാം; ഇവ ഏത് പഞ്ചായത്തുകളിൽ; വിശദമാക്കുമോ ;

(ഡി) കോഴിക്കോട് ജില്ലയിൽ എം.എൽ.എ. മാരുടെ പ്രാദേശിക വികസന ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തുന്നതിന് ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ എത്ര തവണ അവലോകനം നടന്നിട്ടുണ്ട് എന്നത് വിശദമാക്കുമോ ;

(ഇ) എം.എൽ.എ. മാരുടെ പ്രാദേശിക വികസന ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തുന്നതിൽ കളക്ടറ്റിൽ ഉണ്ടാകുന്ന പോരായ്മ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമായ ഒരു അവലോകനം നടത്തി റിപ്പോർട്ട് ലഭ്യമാക്കാമോ ?

ഉത്തരം

(എ) 2011-12 വർഷത്തിൽ പ്രവൃത്തി ആരംഭിക്കാത്ത പദ്ധതികൾ ഒന്നും തന്നെയില്ല.

(ബി) 2012-13 വർഷത്തിൽ പ്രവൃത്തി ആരംഭിക്കാത്ത പദ്ധതി താഴെ പറയും പ്രകാരമാണ് :

1. കൊയിലാണ്ടി മുനിസിപ്പാലിറ്റിയിലെ കൊയിലാണ്ടി താലൂക്ക് ആശുപത്രിയുടെ മോർച്ചറിയോടനുബന്ധിച്ചുള്ള വിശ്രമകേന്ദ്ര നിർമ്മാണം.

(സി) 2013-14, പ്രവൃത്തി ആരംഭിക്കാത്ത പദ്ധതി താഴെ പറയും പ്രകാരമാണ്:

1. എൻ.എച്ച്. കൊയിലാണ്ടി മുക്ക് റോഡ്, പയ്യോളി ഗ്രാമപഞ്ചായത്ത്
2. പാറക്കൽ താഴെ റോഡ് (ക്രാഫ്റ്റ് വില്ലേജിന് പടിഞ്ഞാറുവശം) പയ്യോളി ഗ്രാമ പഞ്ചായത്ത്
3. മൂരാട് പടിഞ്ഞാറെ തുരുത്തി റോഡ് പയ്യോളി ഗ്രാമപഞ്ചായത്ത്
4. മൂന്ന് കൂടിക്കൽ നാല് സെന്റ് കോളനി നടപ്പാത, ചെങ്ങോട്ടുകാവ് ഗ്രാമപഞ്ചായത്ത്
5. ചേരിക്കുന്നുമേൽ കുടിവെള്ള പദ്ധതി, കൊയിലാണ്ടി മുനിസിപ്പാലിറ്റി.

(ഡി) കോഴിക്കോട് ജില്ലയിൽ എം.എൽ.എ.മാരുടെ പ്രാദേശിക വികസന ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തികളുടെ പുരോഗതി മാസംതോറും കളക്ടറേറ്റിൽ വച്ച് നടത്തുന്ന ജില്ലാ വികസന സമിതിയിൽ അവലോകനം ചെയ്യാറുണ്ട്. പ്രസ്തുത മീറ്റിംഗിൽ പ്രവൃത്തികളുടെ പുരോഗതി റിപ്പോർട്ട് എം.എൽ.എ.മാർക്ക് സമർപ്പിക്കാറുണ്ട്. കൂടാതെ എം.എൽ.എ.മാരുടെ നിർദ്ദേശപ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥരെ പങ്കെടുപ്പിച്ച് അവലോകന മീറ്റിംഗുകൾ നടത്താറുണ്ട്.

(ഇ) എം.എൽ.എ.മാരുടെ പ്രാദേശിക വികസന ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തുന്നതിൽ കളക്ടറേറ്റിൽ പോരായ്മയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ശ്രദ്ധയിൽപ്പെടുന്നപക്ഷം ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നതാണ്.

സർക്കാർ ജീവനക്കാരുടെ പെൻഷൻ പ്രായം

133 (4124) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ജീവനക്കാരുടെ പെൻഷൻ പ്രായം കൂട്ടാൻ തീരുമാനമെടുത്തിട്ടുണ്ടോ;

(ബി) ഡോക്ടർമാരുടെ പെൻഷൻ പ്രായം രണ്ടു തവണയായി നീട്ടിക്കൊടുത്തതിന്റെ കാരണമെന്താണ്;

(സി) സർക്കാർ ആശുപത്രികളിൽ ഡോക്ടർമാരുടെ നിയമനം നടത്താനാവശ്യമായ പി.എസ്.സി. ലിസ്റ്റ് നിലവിലുണ്ടോ ?

ഉത്തരം

(എ) തീരുമാനമെടുത്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly